ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 06.09.2025 | പ്രധാന വാർത്തകൾ | TIME: 07.25 AM

1. പുതിയ ജിഎസ്ടി പരിഷ്ക്കാരങ്ങൾ ഉപഭോഗം മെച്ചപ്പെടുത്തുമെന്നും മൂലധന ചെലവിനെ ബാധിക്കില്ലെന്നും ധനമന്ത്രി നിർമ്മല സീതാരാമൻ; തീരുവ പ്രതിസന്ധി നേരിടുന്ന കയറ്റുമതി സ്ഥാപനങ്ങളെ സംരക്ഷിക്കുമെന്നും ധനമന്ത്രി.

   **New GST reforms will improve consumption and will not affect capital expenditure, says Finance Minister Nirmala Sitharaman; Will protect exporters facing tariff crisis, says Finance Minister.**

2. ഇന്ത്യയുടെ വിദേശനാണ്യ ശേഖരം പുത്തൻ ഉയരത്തിൽ; ഓഗസ്റ്റ് 29 ന് അവസാനിച്ച ആഴ്ചയിൽ കരുതൽ ശേഖരം 694 ബില്യൺ ഡോളറിലെത്തി.

   **India's foreign exchange reserves at new high; Reserves reached $694 billion for the week ended August 29.**

3. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ്ഗെയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   **External Affairs Minister Dr. S. Jaishankar met Bhutanese Prime Minister Dasho Tshering Tobgay in New Delhi.**

4. മലയാളികൾ ഇന്ന് മൂന്നാം ഓണം ആഘോഷിക്കുന്നു; കാണികളിൽ കൗതുകവും വിസ്മയവും പടർത്തി തിരുവനന്തപുരത്തെ മെഗാ ഡ്രോൺ ഷോ.

   **Keralites celebrate the third Onam today; Mega drone show in Thiruvananthapuram spreads curiosity and awe among the audience.**

5. വ്യവസായ പ്രമുഖൻ അനുതിൻ ചർൺവിരകുൽ പുതിയ തായ്‌ലൻഡ് പ്രധാനമന്ത്രിയാകും.

   **Thailand's parliament has chosen business tycoon Anutin Charnvirakul as the country's prime minister.**

6. ഏഷ്യ കപ്പ് പുരുഷ ഹോക്കിയിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും; കാർലോസ് അൽക്കരാസ് യുഎസ് ഓപ്പൺ ടെന്നിസ് ഫൈനലിൽ.

India to face China in Asia Cup men's hockey today; Carlos Alcaraz in US Open tennis final.

==========================================

## FM-GST (INTRO)

യു.എസ് ചുമത്തിയ ഉയർന്ന തീരുവ മൂലം പ്രതിസന്ധിയിലായ കയറ്റുമതി സ്ഥാപനങ്ങളെ സംരക്ഷിക്കാൻ പ്രത്യേക സമാശ്വാസ പാക്കേജ് കൊണ്ടുവരുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ. ഓഗസ്റ്റ് 27 മുതൽ യുഎസ് ഏർപ്പെടുത്തിയ 50% താരിഫുകൾ ബാധിച്ച വ്യവസായങ്ങൾക്കു വേണ്ടിയാണ് പാക്കേജ് എന്നും ധനമന്ത്രി വ്യക്തമാക്കി. പുതിയ ജിഎസ്ടി പരിഷ്ക്കാരങ്ങൾ ഉപഭോഗം മെച്ചപ്പെടുത്തുമെന്നും മൂലധന ചെലവിനെ ബാധിക്കില്ലെന്നും ശ്രീമതി നിർമ്മല സീതാരാമൻ അറിയിച്ചു.

(ഹോൾഡ് വോയിസ്)

ചരക്കുകളുടെയും സേവനങ്ങളുടെയും 99 ശതമാനവും ഇപ്പോൾ നികുതി രഹിതമോ, അഞ്ച്, 18 ശതമാനം നികുതി പരിധിയിലോ വരുമെന്നും സ്വകാര്യ വാർത്താ ചാനലിന് നൽകിയ അഭിമുഖത്തിൽ ധനമന്ത്രി പറഞ്ഞു.

*********************

## GST REFORMS (INTRO)

ജിഎസ്ടി പരിഷ്കാരങ്ങളെ ധീരവും സമഗ്രവുമെന്ന് വിശേഷിപ്പിച്ച് പരോക്ഷ നികുതി ബോർഡ് ചെയർപേഴ്സൺ സഞ്ജയ് കുമാർ അഗർവാൾ. അവശ്യവസ്തുക്കളുടെ ജിഎസ്ടി നിരക്ക് 5 ശതമാനം നിരക്കിൽ നിലനിർത്തിയിട്ടുണ്ടെന്നും സാധാരണക്കാരുടെ താൽപ്പര്യമാണ് സർക്കാരിന്റെ പ്രഥമ പരിഗണനയെന്ന് അദ്ദേഹം വ്യക്തമാക്കി.

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

*പുതിയ ജിഎസ്ടി പരിഷ്കാരങ്ങൾ നിത്യോപയോഗ സാധനങ്ങളുടെയും പായ്ക്ക് ചെയ്ത ഭക്ഷണങ്ങളുടെയും നികുതി കുറയ്ക്കും. ഹെയർ ഓയിൽ, സോപ്പ്, ഷാംപൂ, ടൂത്ത് പേസ്റ്റ്, ടൂത്ത് ബ്രഷ്, ഷേവിംഗ് ക്രീം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചു. ചൂടാക്കി അണുവിമുക്തമാക്കിയ പാൽ, പനീർ എന്നിവയും റൊട്ടി ഉൾപ്പെടെ എല്ലാത്തരം ഇന്ത്യൻ ബ്രെഡുകളും ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കും. ഭക്ഷ്യവസ്തുക്കളായ പാസ്ത, നൂഡിൽസ്, ചോക്ലേറ്റുകൾ, കോഫി, കോൺഫ്ലേക്കുകൾ, വെണ്ണ, നെയ്യ്, സോസുകൾ എന്നിവയുടെയും ജിഎസ്ടി 5 ശതമാനത്തിലേക്ക് താഴ്ത്തിയിട്ടുണ്ട്. ജിഎസ്ടി ലളിതമാക്കുന്നതിലൂടെ ദരിദ്രർക്കും ഇടത്തരക്കാർക്കും വലിയ ആശ്വാസം ലഭിക്കുമെന്ന് കേന്ദ്ര മന്ത്രി പ്രഹ്ലാദ് ജോഷി പ്രതികരിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

*********************

## INDIA - US (INTRO)

ഇന്ത്യ യു.എസ്. ബന്ധം പ്രധാനമാണെന്ന് വിദേശകാര്യ വക്താവ് രൺധീർ ജെയിസ് വാൾ. മാധ്യമങ്ങളോടുള്ള പ്രതിവാര പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരു രാജ്യങ്ങളും തമ്മിലുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

*********************

## FOREX RESERVES

ഓഗസ്റ്റ് 29 ന് അവസാനിച്ച ആഴ്ചയിൽ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 3.51 ബില്യൺ ഡോളർ വർദ്ധിച്ച് 694.2 ബില്യൺ ഡോളറിലെത്തി. വിദേശ കറൻസി ആസ്തി 1.69 ബില്യൺ ഡോളർ വർദ്ധിച്ച് 583.9 ബില്യൺ

ഡോളറിലധികമായി. സ്വർണ്ണ കരുതൽ ശേഖരം 86.76 ബില്യൺ ഡോളറിലെത്തി. അടിയന്തരാവശ്യത്തിനുള്ള പണ ലഭ്യത 40 മില്യൺ ഡോളർ ഉയർന്ന് 18.77 ബില്യൺ ഡോളറായിട്ടുണ്ട്. അന്താരാഷ്ട്ര നാണയ നിധിയിലെ കരുതൽ ശേഖരം 4.74 ബില്യൺ ഡോളറായി.

*********************

## MAURITIUS PM VISIT

മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര രംഗൂലം ഈ മാസം ഒൻപതിന് ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തും. പതിനാറ് വരെ സന്ദർശനം തുടരും. ഡൽഹിക്ക് പുറമെ മുംബൈ, വാരാണസി, അയോദ്ധ്യ, തിരുപ്പതി എന്നിവടങ്ങളും അദ്ദേഹം സന്ദർശിക്കുമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ഓസ്ട്രേലിയയിൽ സമീപ ദിവസങ്ങളിൽ നടന്ന കുടിയേറ്റ വിരുദ്ധ പ്രക്ഷോഭം സംബന്ധിച്ച് അവിടത്തെ സർക്കാരുമായി നിരന്തരം ബന്ധപ്പെട്ടു വരികയാണെന്നും അദ്ദേഹം അറിയിച്ചു.

*********************

## JAISHANKAR-BHUTAN PM

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ്ഗെയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ഭൂട്ടാൻ ബന്ധം കൂടുതൽ കരുത്താർജിക്കുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നാല് ദിവസത്തെ സന്ദർശനത്തിനായാണ് ഭൂട്ടാൻ പ്രധാനമന്ത്രി ബുധനാഴ്ച ഇന്ത്യയിലെത്തിയത്.

*********************

## THAILAND PRIME MINISTER

വ്യവസായ പ്രമുഖൻ അനുതിൻ ചർൺവിരാകുൽ പുതിയ തായ്ലൻഡ് പ്രധാനമന്ത്രി. കഴിഞ്ഞ രണ്ട് വർഷത്തിനിടെ തിരഞ്ഞെടുക്കപ്പെടുന്ന മൂന്നാമത്തെ പ്രധാനമന്ത്രിയാണ് അദ്ദേഹം. കംബോഡിയയുമായുള്ള അതിർത്തി തർക്കം കൈകാര്യം ചെയ്യുതുമായി ബന്ധപ്പെട്ട ധാർമ്മിക പ്രശ്നം മുൻനിർത്തി ഭരണഘടനാ കോടതി പുറത്താക്കിയ

പെയ്റ്റോങ്ടാർൺ ഷിനവത്രയ്ക്ക് പകരക്കാരനായിട്ടാണ് അദ്ദേഹം ചുമതലയേൽക്കുന്നത്. 492 അംഗ പാർലമെന്റിൽ 247 വോട്ടുകളാണ് അദ്ദേഹം നേടിയത്.

*********************

## ONAM

അവിട്ടം നാളായ ഇന്ന് മലയാളികൾ മൂന്നാം ഓണം ആഘോഷിക്കുന്നു.

### (UNDERPLAY MUSIC)

ആഘോഷ ആരവങ്ങൾക്കിടയിലും വ്യത്യസ്തമായ നിലനിൽക്കുന്ന ആചാരങ്ങളിൽ കൂടി ഊന്നൽ നൽകിയാണ് മലയാളികൾ ഓണം കൊണ്ടാടുന്നത്. ബന്ധുവീടുകളിലെ സന്ദർശനവും സൗഹൃദക്കൂട്ടായ്മകളുമാണ് മൂന്നാം ഓണത്തിന്റെ സവിശേഷത. ശബരിമല സന്നിധാനത്ത് ഇന്നും ഓണസദ്യ വിളമ്പും. ഇത്തവണ സന്നിധാനത്തെ പൊലീസ് ഉദ്യോഗസ്ഥരുടെ വകയായിട്ടാണ് ഓണസദ്യ. പോർവിളിയുടെ വീരസ്മരണയുണർത്തി പാലക്കാട് പല്ലശ്ശനയിൽ ഓണത്തല്ല് നടക്കും.

*********************

## DRONE SHOW (INTRO)

ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച മെഗാ ഡ്രോൺ ഷോ കാണികളിൽ കൗതുകവും വിസ്മയവും പടർത്തി. കേരളത്തിന്റെ പൈതൃകവും ഓണത്തിന്റെ ആത്മാവും അവതരിപ്പിക്കുന്ന വിധത്തിൽ ആയിരക്കണക്കിന് ഡ്രോണുകളാണ് 20 മിനിറ്റ് നീണ്ട പ്രകടനത്തിൽ മാനത്ത് മിന്നി മറഞ്ഞത്. കേരളത്തിന്റെ വികസന പുരോഗതിയുടെ ചെറു ചിത്രം മാത്രമാണ് ഇതെന്ന് ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു.

(വോയിസ് ബൈറ്റ്)

മന്ത്രി വി.ശിവൻകുട്ടി, ടൂറിസം വകുപ്പ് ഡയറക്ടർ ശിഖ സുരേന്ദ്രൻ എന്നിവരും ഡ്രോൺ ഷോ കാണുന്നതനായി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ എത്തിയിരുന്നു.

*********************

## SRI NARAYANA GURU JAYANTHI

ശ്രീനാരായണഗുരുവിന്റെ 171–ാമത് ജയന്തി ആഘോഷങ്ങൾ നാളെ നടക്കും. വർക്കല ശിവഗിരിയിൽ രാവിലെ പത്തിന് ജയന്തിസമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ചെമ്പഴന്തി ഗുരുകുലത്തിൽ ജയന്തിസമ്മേളനം വൈകിട്ട് 6.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

*********************

## CHOUHAN - PUNJAB FLOODS

പഞ്ചാബിൽ വെള്ളപ്പൊക്കം മൂലമുണ്ടായ നാശനഷ്ടങ്ങളുടെ വിശദമായ റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പ്രതിസന്ധി രൂക്ഷമാണെന്നും കേന്ദ്ര സർക്കാർ സാധ്യമായതെല്ലാം ചെയ്യുമെന്നും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

*********************

## CENTRAL TEAM - JAMMU

അടുത്തിടെ ജമ്മു കശ്മീരിൽ ഉണ്ടായ കനത്ത മഴയുടെയും മണ്ണിടിച്ചിലിന്റെയും നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി കേന്ദ്ര മന്ത്രിതല സംഘം ഇന്നലെ റിയാസി ജില്ല സന്ദർശിച്ചു. ദേശീയ ദുരന്ത നിവാരണ അതോറിറ്റി ജോയിന്റ് സെക്രട്ടറി കേണൽ കീർത്തി പ്രതാപ് സിങ്ങിന്റെ നേതൃത്വത്തിലുള്ള സംഘമാണ് സന്ദർശനം നടത്തിയത്.

*********************

## BIHAR ASIA CUP HOCKEY

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ഇന്ന് നടക്കുന്ന സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ചൈനയെ നേരിടും. വൈകുന്നേരം 7:30 ന് രാജ്ഗിർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. മറ്റൊരു സൂപ്പർ

ഫോർ മത്സരത്തിൽ, ദക്ഷിണ കൊറിയ ഇന്ന് മലേഷ്യയെ നേരിടും.

*********************

**US OPEN TENNIS**

യുഎസ് ഓപ്പൺ ടെന്നീസിന്റെ പുരുഷ വിഭാഗം സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽക്കരാസ് ഫൈനലിലെത്തി. സെമിയിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ചിനെ പരാജപ്പെടുത്തിയാണ് അൽക്കരാസിന്റെ മുന്നേറ്റം. ഫൈനലിൽ, ഇറ്റാലിയുടെ ജാനിക് സിന്നറാണ് അൽക്കരാസിന്റെ എതിരാളി.

*

*********

********************************